KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION PRESENTS



# സെന്റ് ആൻസ് ഹൈസ്കൂൾ കോട്ടപ്പുറം

# മികവിൻെറ പാതയിൽ
# മുന്നോട്ട്........



അനുദിനം മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന വിദ്ദ്യാഭ്യസമേഖലയിൽ വിദ്ദ്യാർത്ഥികളിലെ പ്രതിഭാശേഷികൾ ക്ലാസ് മുറയിലിരുന്ന് കൊണ്ട് തന്നെ മിഴിവുറ്റതാക്കാൻ സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്ന എല്ലാ കർമ്മ പദ്ധതികൾക്കും ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

ആദ്യമായിത്തന്നെ little kites-ൻെറ നേതൃത്വത്തിൽ തയ്യാറാക്കിയ ആ സ്കൂൾ മാഗസിൻ നിർമാണത്തിൽ പങ്കെടുത്ത ഏവർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു. IT മേഖലയിൽ നിസ്തുലമായ സംഭാനകളും പ്രവർത്തനങ്ങളും കാഴ്ച്ചവെച്ച് കൊണ്ടിരിക്കുന്ന ഗവൺമെൻെറിനും എല്ലാ ഉദ്ദ്യോഗസ്ഥർക്കും നന്നി പറയാന് കൂടി ഈ അവസരം ഉപയോഗിക്കുന്നു. വിദ്ദ്യാർത്ഥികളിൽ അറിവിൻെറ മേഖല വിസ്തൃതമാക്കാനുള്ള സർക്കാറിൻെറ പ്രവർത്തനങ്ങൾക്ക് ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.ക്ലാസ്മുറിയിലിരുന്ന് കൊണ്ട് തന്നെ അവർ പഠിക്കുന്ന കാര്യങ്ങൾ കണ്ട് അനുഭവിച്ച് ഹൃദിസ്ഥമാക്കാനുള്ള അവരുടെ മനസ്സിൻെറ ശേഷി പൂർണ്ണമായും വികസിപ്പിക്കാനുള്ള സൗകര്യം കേരളത്തിലെ ഓരോ വിദ്യാർത്ഥിയും കൈവരിക്കുമ്പോൾ നമ്മുടെ നാടിൻെറ സർവോൻമുഖമായ വളർച്ചയാണ് ഇതിലൂടെ സാധിക്കുന്നത്.നമ്മുടെ

വിദ്ദ്യാലയത്തിലെ little kites-ലെ കുട്ടികളും ഇത്തരത്തിൽ തങ്ങളുടെ ബുദ്ധി വൈഭവം പ്രകടിപ്പിക്കുമ്പോൾ വിദ്ദ്യാലയത്തിലെ മൊത്തം കുട്ടികളിലും അതിൽ ഭാഗഭാക്കാകുന്നു.അവരെ നയിക്കുന്ന അധ്യാപകർക്കും ഈ സ്കൂൾ മാഗസിനിൽ തങ്ങളുടെ കഴിവ് മാറ്റുരക്കുന്ന എല്ലാ വിദ്ദ്യാർത്ഥികൾക്കും ഏറ്റവും ആത്മാർത്ഥമായ ,നന്ദിയും ഹൃദയം നിറഞ്ഞ ആശംസകളും പ്രാർത്ഥനകളും ഈശ്വരാനുഗ്രഹവും നേർന്നുകൊണ്ട്



പ്രധാനാധ്യാപിക

Sr. Roseena

## എഡിറ്റോറിയൽ

സാങ്കേതികതയുടെ അനന്തസാധ്യതയിലേയ്ക്കുള്ള കാൽവെയ്പ്പിൻെറ സാക്ഷ്യപത്രം. വിദ്യാഭ്യാസമേഖലയിലെസർഗ്ഗാത്മകതയുടെ നൂതനാവിഷ്കാരവേദിയായി ഉയർന്നുവന്ന ലിറ്റിൽകൈറ്റ്സ്. അത്യന്താധുനികതയുടെ നേർചിത്രമായ ഈ ഡിജിറ്റൽ മാഗസിൻ വിവര സാങ്കേതിക വിദ്യയുടെ പ്രഥമ ഉദ്യമാണ്. കൗമാരക്കാരുടെ ചിന്തകളും,സ്വപ്നങ്ങളും,പ്രതീക്ഷകളും,വർണകുടകളായി രൂപം പ്രാപിച്ചതാണ്.വിദ്യാഭ്യാസമേഖലയുടെ ഹൈടെക്ക് വീഥിയിലേക്കുള്ള പ്രയാണത്തിൽ ഭാഗഭാക്കാകുന്നതിന് യുവപ്രതിഭകൾക്ക് തട്ടകമാകട്ടെ.

**-എഡിറ്റർ**



സോണിയ ഫ്രാൻസിസ്





അർജ്ജുൻ സി.എ സാന്ദ്ര ജെയിംസ്

**അകാലത്തില് പൊലിഞ്ഞ സെൻറ് ആൻസ്**

**പൂക്കൾക്ക് ആദരാഞ്ജലികൾ**

# ഉള്ളടക്കം


- മാതൃവാത്സല്യം
- കാലമെ പൊലിഞ്ഞവൾ
- മുസ്രിസ്
- സെൻറ് ആൻസിലെ ചില നിമിഷങ്ങളിലൂടെ
- പരിശ്രമം വിജയത്തിനാധാരം
- മ്യൂസിക്ക് തെറാപ്പി
- സൗഹൃദം
- സ്വാർഥൻ പഠിച്ച പാഠം
- യാത്രാക്കുറിപ്പ്
- പ്രതീക്ഷ
- സ്വപ്ന ചിറകുകൾ
- ചിത്രങ്ങൾ

# പരിശ്രമം വിജയത്തിനു ആധാരം

രാമപുരം എന്ന് പേരായ ഗ്രാമത്തിൽ വിദ്യാധരൻ എന്ന ഗുരുവുണ്ടായിരുന്നു.ഗുരുവിന് അനേകം ശിഷ്യന്മാർ ഉണ്ടായിരുന്നു.ഒരിക്കൽ ആരാണ് ഗുരുവിന്റെ പ്രിയ ശിഷ്യനെന്ന് തർക്കമുണ്ടായി.ഇതിനൊരു പരിഹാരമായി അൽപം ധാന്യവിത്തുക്കൾ തന്റെ ശിഷ്യന്മാരായ ദാമുവിനും ഗോപുവിനുംനൽകി."ഈ വിത്തുക്കൾ ഉചിതമായി ഉപയോഗിക്കൂ," ഗുരു ഉപദേശിച്ചു.

രണ്ട് വർഷങ്ങൾ കഴിഞ്ഞു പോയി. ധാന്യവിത്തുകൾ നൽകിയ ശിഷ്യരെ സന്ദർശിക്കുമെന്ന് ഗുരു അറിയിപ്പ് നൽകി.
ഇരുവരും സദ്യാവട്ടങ്ങൾ ഒരുക്കി ഗുരുവിന്റെ വരവ് കാത്തിരുന്നു.

ഗുരു ആദ്യ ശിഷ്യനായ ദാമുവിന്റെ വീട്ടിലെത്തി."ഞാൻ നൽകിയ വിത്തുകൾ നീ എന്തു ചെയ്തു?"ഗുരുവിനെ വന്ദിച്ച ശേഷം ശിഷ്യൻ ഗുരുവിനെ പൂജാമുറിയിലേക്ക് സ്വീകരിച്ചു.നിത്യം പൂജ ചെയ്യാറുള്ള ധാന്യവിത്തുകൾ കാണിച്ചുകൊടുത്തു.ഗുരു സങ്കടത്തോടെ യാത്ര പറഞ്ഞിറങ്ങി.

ഗുരു രണ്ടാം ശിഷ്യനായ ഗോപുവിന്റെ വീട്ടിലെത്തി.ദാമുവിനോട് ചോദിച്ച ചോദ്യം ഗുരു ആവർത്തിച്ചു.ഗോപു ഗുരുവിന്റെ പാദങ്ങൾ നമസ്കരിച്ചു.വീടിന്റെ പിൻവശത്തുള്ള കൃഷിയിടം ഗുരുവിനെ കാണിച്ചു.ഗുരു ശിഷ്യനെ അഭിനന്ദിക്കുകയും ചെയ്തു.ഗോപുവിനെ തന്റെ ശിഷ്യനായി അംഗീകരിക്കുകയും
ചെയ്തു.

***ഗുണ പാഠം:***

*"നമ്മുക്ക് ലഭിച്ച കഴിവുകൾ നാം വളർത്തിയെടുക്കണം"*

# കാലമേ പൊലിഞ്ഞവൾ

മാധുര്യമേറി ഒന്നായ് പറന്നൊരു
സത്‌സുദിനങ്ങൾ ചിത്തത്തിലേറി
കാലമേ യാത്രയായൊരു സ്‌നേഹനിധി
അർപ്പിക്കട്ടെ ഒന്നായ് ഞങ്ങൾ
പ്രണാമം.....പ്രണാമം.....പ്രണാമം

തണലേകി തലോടലായ്
വിജ്ഞാനത്തിൻ പ്രഭ
പകർന്ന്
പൊൻ പ്രഭയാൽ
പറന്നുപോയി
സെന്റ് ആൻസിൻ
വർണ്ണപക്ഷി നീ!



ഗുരുവായ്
അമ്മയായ്

സ്നേഹിതയായ് ദീപ്തി ചൊരിഞ്ഞ
ഞങ്ങൾ തൻ ഇന്നലെകൾ
മറക്കുവാൻ കാലത്തിനാലില്ല!

പ്രളയാനന്തര വീഥിയിൽ
ആന്ദോളന സ്പർശവുമേകി
അതിജീവനത്തിൻ തോണിയും
ഇഴഞ്ഞൊരു പ്രിയസഖി
പ്രണാമം.....പ്രണാമം.....പ്രണാമം

-Bento Thomas

# ചരിത്രമുറങ്ങുന്ന മുസിരിസ്

സർവ്വമത സംഗമഭൂമിയായ കൊടുങ്ങല്ലൂർ പ്രാചീനഭാരതത്തിന്റെ പ്രവേശനകവാടമായിരുന്നു .ദക്ഷിണഭാരതത്തിലെ പ്രശസ്തമായ വഞ്ചിസർവ്വകലാശാലയും വിദ്വൽസദസ്സും ഇവിടെയായിരുന്നു. ചേരസാമ്രാജ്യത്തിന്റെയും കുലശേഖരപെരുമാക്കന്മാരുടെയും ഭരണസിരാകേന്ദ്രമായിരുന്ന ഇവിടം ബുദ്ധമതത്തിനും ഹിന്ദുമതത്തിനും ജൈനമതത്തിനും കടൽ കടന്നെത്തിയ ജൂതമത്തിനും ക്രിസ്തുമതത്തിനും

ഇസ്ലാം മതത്തിനും തുല്യപ്രാധാന്യം നല്കിയ പുണ്യഭൂമിയാണിത് . വാല്മീകി രാമായണത്തിലും




ബൃഹത്സംഹിതയിലും ഈ നഗരം മുരചിപത്തനമായിരുന്ന സംഘസാഹിത്യകൃതികളിൽ പേരുകൾ വഞ്ചിയും മുചിരിയുമായി വഞ്ചിയാണ് തിരുവഞ്ചിക്കുളമായത് മുചിരിയാകട്ടെ മുസിരിസ് എന്ന പേരും സ്വീകരിച്ച . ലോകവാണിജ്യം ഒരുകാലത്ത് പ്രധാനമായും കേരളത്തിലെ ഉത്പന്നങ്ങളെയാണ് ആശ്രയിച്ചിരുന്നത്. കൊടുങ്ങല്ലൂർ തുറമുഖത്തുനിന്ന് കുരുമുളക് ഏലം കറുവപ്പട്ട എന്നിവ വിപുലമായ വ്യാപാരം നടത്തിയിരുന്നു. സോളമൻ ചക്രവർത്തിയ്ക്ക് കപ്പലുകൾ കേരളത്തിൽ എത്തി ചന്ദനം തേക്ക് ആനക്കൊമ്പ് കുരങ്ങുകൾ മയിലുകൾ എന്നിവ ഷേബാറാണി നൽകിയെന്ന് ബൈബിളിൽ പരാമർശിക്കുന്നുണ്ട്.

ബി സി ആറാം നൂറ്റാണ്ടിൽ സൈറസിന്റെ ഭരണത്തിൻ കീഴിൽ യഹൂദർക്ക് പിതൃരാജ്യത്ത് പീഡനങ്ങൾ

അനുഭവിക്കേണ്ടിവന്നപ്പോൾ പ്രാണരക്ഷാർത്ഥം അഭയംതേടിവന്നത് കൊടുങ്ങല്ലൂരായിരുന്നു. സിന്ധുനദീതട സംസ്കാരകാലതൊട്ടേ ഉത്തരേന്ത്യയും കേരളവും തമ്മിൽ അടുത്ത വ്യാപാരബന്ധവും ഉണ്ടായിരുന്നു. ആനക്കൊമ്പും നന്മുത്തും ചന്ദനവും ഈട്ടിയും മറ്റും കൊടുങ്ങല്ലൂർ തുറമുഖത്തുനിന്ന് കടൽവഴി



**സിന്ധുനദീമുഖത്തേക്കും അവിടെനിന്ന് വിദേശങ്ങളിലേക്കും കയറ്റി അയച്ചിരുന്നുവെന്ന് ഫാ ഹെറാസിനെപ്പോലുള്ള പുരാവസ്തു ഗവേഷകർ സ്ഥാപിച്ചിട്ടുണ്ട്. മതമൈത്രിയുടെ ഈറ്റില്ലമായ കൊടുങ്ങല്ലൂർ ഇന്നും ചേരമാൻ ജുമാമസ്ജിദിനെയുംകൊടുങ്ങല്ലൂർ ഭഗവതി ക്ഷേത്രത്തെയുംമാർത്തോമ ദേവാലയത്തെയും മതേതരത്വത്തിന്റെ മടിത്തട്ടിൽ താലോലിച്ചുപോരുന്നു.**

**-അപർണാ ഷാജി**

# സെൻറ് ആൻസിലെ ചില നിമിഷങ്ങളിലൂടെ











# സ്പന്ദനം















# MUSIC THERAPY

Music therapy is the prescribed use of music and music related strategies,by qualified music therapists,to assist and motivate a person towards specific non musical goals .Music and therapists ,use their training as musicians,clinicians and researches to effect changes in cognitive,physical communication,social and emotional skills .Music therapists work in a variety of settings including educational medical and psychiatric facilities.



The idea of music as a healing influence,which could affect the health and behaviour is many centuries old .The first music therapy degree programme in the world was founded at Michigan state university in 1944.The American music therapy association was founded in 1988,in union with the national association for music therapy.

Therapists trained in psychology ,group interaction special needs of elderly and disables .they asses the emotional well being ,

physical health , social functioning , communicating disabilities and cognitive skills through musical responses .They design music sessions for individual and groups ,based on clients needs using music listening ,music performance ,lyric discussions etc.

Healthy individuals can use music for stress reductions and relaxations. Music also serves as a vital support for musical exercises and even assisted labour and delivery .music is used in general hospitals to alleviate pain in conjunction with anaesthesia or pain for physical rehabiliation ,and lesson muscle tension for the purpose of relaxation,including work autonomic nervous system.

Dr. Sacks reports that patients with neurological disorders ,who cannot talk or even move ,are able to sing or sometimes even dance to music. Some of the therapeutic characteristics of music are

1) music captivates and maintains attention it stimulates and utilizes many parts of the brain.
2) Music is adapted to, and can be reflective of,a persons abilities.
3) Music is an effective memory aid.
4) Music supports and encourage movements.
5) Music taps memories and emotions.

6) Music and the silence within it provide non verbal immediate feed backs.
7) Music is success oriented-people of all ability levels can participate.

There is manuscripts called 'raga-chikitsa' by Dr. Burnell which treats music as an useful for curing particular alignments. Sleeplessness can be cures by making afflicted person listen to the pieces in Neelambari, raga periodically under specified conditions. Sama Raga helps to restore mental peace ,sree raga aids digestion after a noon-day meal etc. Hard- hearted persons can be made more human by making them listen to piece in Nadanamakriya raga .There are certain interesting traditions regarding music therapy and in most cases, it is possible to give a scientific explanation .In south India ,there is the tradition,that pragnant woman who listen to the sweet strains of the Veena are assured of a safe delivery.

The classical ragas can cure ill health, to a great extend. Ragas and Raganis can successfully be used for the treatment of various diseases but there is a need to prepare good musicians and doctor who are experts in this discipline of therapy. A vast

survey regarding the emotional level and responses of different ragas therapy is prepared .The future of music therapy is promising ,as several research centres have documented the effectiveness of music therapy in physical rehabilitation and pshoneure immunology.

# സൗഹൃദം

ഞങ്ങൾക്കും ഉണ്ടൊരു സൗഹൃദം
കണ്ണ് കലങ്ങിയാൽ
ചിരിപ്പിക്കുന്ന സൗഹൃദം
നമ്മളെ ഉൾതൊട്ട് അറിയുന്ന
സൗഹൃദം
നന്മകൾകൊണ്ട് നിറയുന്ന
സൗഹൃദം
എന്തിനും ഏതിനും എന്നെന്നും
നിലനിൽക്കുന്ന സൗഹൃദം
സന്തോഷങ്ങൾ പങ്കുവെയ്ക്കാനും
ദുഃഖങ്ങളിൽ കൂടെനിൽക്കാനും
എന്നികുമൊണ്ടൊരു
സൗഹൃദം.



-സനുഷാ ഷാബീർ

# സ്വാർത്ഥൻ പഠിച്ച പാഠം

ഒരു കച്ചവടക്കാരന് ഒരു കുതിരയും ഒരു കഴുതയുണ്ടായിരുന്നു. കഴുതയുണ്ടായിരുന്നു.കുതിരപ്പുറത്ത് അയാൾ സവാരി ചെയ്യും.കഴുത കച്ചവടസാധന
ങ്ങൾ ചുമക്കും.എപ്പോഴും വലിയ ചുമടാണ് അവന്റെ മുതുകിൽ.ഭാരം ചുമന്ന് അവൻ തളർന്നു.പക്ഷെ കുതിരയോ,തടിച്ച് കൊഴുത്തു വന്നു.ചുമടെടുത്ത് ക്ഷീണിച്ച കഴുത-
ക്ക് സുഖമില്ലാതായി.ഒരു ദിവസം ഭാരം താങ്ങാൻ കഴിയാതെ കഴുത കുതിരയോട്
പറഞ്ഞു."സ്നേഹിതാ,എനിക്ക് തീരെ സുഖമില്ല.ഇന്നത്തേക്ക് ഈ ചുമട് കൊണ്ട്-പോയി എന്നെ സഹായിക്കാമോ?" "അതു പറ്റില്ല.ഓരോരുത്തർക്കും



അവരവരുടെ ജോലി ചെയ്യണം,താനാണ് ചുമടെടുക്കേണ്ടത് .എനിക്ക് പറ്റില്ല".കുതിര അഹങ്കാര-ത്തോടെ പറഞ്ഞു.പാവം കഴുത എന്നത്തേയും പോലെ ചുമട് ചുമന്ന് വലിഞ്ഞും ഇഴഞ്ഞും നടന്നു.ഏറെ
പോകുന്നതിന് മുൻപ് കഴുത കുഴഞ്ഞ് വീണ് ചത്തു.കച്ചവട-ക്കാരൻ കഴുതപ്പുറത്തിരുന്ന എല്ലാ ഭാരവും കുതിരപ്പുറത്തേക്ക് മാറ്റി.ചത്ത കഴുത-യെയും അതിനു മുകളിൽ എടുത്തുവച്ചു.കുതിരയുടെ നട്ടെല്ല് വളഞ്ഞുപോയി.അവൻ മനസ്സിൽ പറഞ്ഞു :"അയ്യോ,ഈ ഭാരം എന്നെ കൊല്ലും.അല്ല എനിക്കിതു തന്നെ വരണം.ഞാൻ സ്വാർത്ഥൻ ആയതു കൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്".

# യാത്രാക്കുറിപ്പ്

എല്ലാ അവധിക്കാലത്തും ഞാൻ കുടുംബത്തോടൊപ്പം
യാത്ര പോകാറുണ്ട്.ധാരാളം യാത്രകൾക്ക് പോയിട്ടുണ്ടെങ്കി
ലും അതിലെനിക്കേറ്റവും പ്രിയപ്പെട്ടതും ഹൃദയത്തിൽ തങ്ങി നിൽക്കുന്നതുമായ ഒരു യാത്രാനുഭവം ഇവിടെ പങ്കുവയ്ക്കുന്നു

എട്ടാം ക്ലാസിലെ പരീക്ഷകഴിഞ്ഞുള്ള വേനലവധി-ക്ക് ഞങ്ങൾ കർണാടകയിലെ മൂകാംബികക്ഷേത്രത്തിൽ പോകുവാൻ തീരുമാനിച്ചു .ചെറുതായിരുന്നപ്പോൾ



എന്നെ അവിടെ കൊണ്ടുപോയിട്ടുണ്ട് എന്ന് അമ്മ പറഞ്ഞെങ്കിലും ആക്ഷേത്രത്തെ പറ്റിയുള്ള ഒരോർമ്മകളും എനിക്ക് കണ്ടെ-
ത്താനായില്ല.ക്ഷേത്രത്തിലേക്കുള്ള യാത്രയായതിനാൽ അ-

ത്ര ഉല്ലാസമുള്ള യാത്രയാവില്ല ഇതെന്നായിരുന്നു എന്റെ ധാരണ.എന്നാൽ യാത്രപുറപ്പെട്ടു കഴിഞ്ഞപ്പോൾ കഥ മാറി.

മൂകാംബികയിലേക്ക് പോകും വഴിയുള്ള ചില ക്ഷേത്രങ്ങൾ കൂടി ഞങ്ങൾ സന്ദർശിച്ചു.ഞാൻ ഇതുവരെ കണ്ടിട്ടില്ലാത്തത്ര ഉയരമുള്ള പ്രതിമകളും വലിയ ക്ഷേത്രകെട്ടിടങ്ങളുമെല്ലാം എന്നെ വല്ലാതെ ആകർഷിച്ചു.പോകും വഴി ധാരാളം കടപ്പു-റങ്ങളും ഉണ്ടായിരുന്നു.ഞങ്ങൾ അവിടെയിറങ്ങികളിച്ചു മൂകാംബിക ക്ഷേത്രത്തിലെത്തിയപ്പോഴും കൗതുകങ്ങൾ തീ-ർന്നില്ല.മൂകാംബികയിലെ സൗപർണ്ണിക നദിയിൽ ഞങ്ങൾ കൊതിതീരുവോളം കുളിച്ചു മൂകാംബികാസന്ദർശനത്തിനു ശേഷമാണ് സത്യത്തിൽ യാത്രയുടെ രസം ഇരട്ടിച്ചത്.



അടുത്തദിവസം ഞങ്ങൾ യാത്രകഴിഞ്ഞു മടങ്ങിയെങ്കിലും

മടക്കയാത്രയാണ് ധാരാളം ഓർമ്മകളുമായി ഇന്നും മനസ്സിൽ നിറയുന്നത്.

രാവിലെ ഞാങ്ങൾ ഒരു സ്നേക്ക് പാർക്ക് ശന്തർശിച്ചു.അവിടെ ധാരാളം പാമ്പുകളെ കണ്ട് അടുത്ത് പരിചയപ്പെട്ടശേഷം ഞങ്ങൾ പാമ്പുകളോട് യാത്രപറഞ്ഞ് അവിടെനിന്ന് തിരിച്ചു.അതിനുശേഷം ഞങ്ങൾ ബേക്കൽ ഫോർട്ടിലേക്ക് വണ്ടി തിരിച്ചു എന്നാൽ ഞങ്ങൾ എത്തിയപ്പോഴേക്കും സന്ദർശനസമയം കഴിഞ്ഞിരുന്നു. ചമ്മൽ മാറ്റാൻ കുറച്ചുനേരം കോട്ടയ്ക്ക് ചുറ്റും.കറങ്ങിനടന്നശേ-

ഷം ഞങ്ങൾ അടുത്തുള്ള ബീച്ചിലേക്ക് പോയി.അവിടെ ഒരു



അടിച്ചുപൊളിക്കുശേഷം ഞങ്ങൾ രാത്രി മടങ്ങി.രാവിലെ ഞങ്ങൾ തലേദിവസം കോട്ട കാണാൻ കഴിയാത്തതിൻെറ വിഷമം തീർക്കാൻ കണ്ണൂർ ഫോർട്ടിൽ കയറി ആ കോട്ട മൊത്തം അതിശയത്തോടെ കണ്ടുതീർത്ത് ഞങ്ങൾ കോഴിക്കോട് ബീച്ചിലേക്ക്

വിട്ടു.അവിടെ വൈകും നേരംവരേ ആഘോഷിച്ചു.പിന്നെ നേരെ വീട്ടിലേക്ക്.സാ-ധാരണ യാത്രകളിൽ നിന്ന് വ്യത്യസ്തമായി ഈ യാത്രയിൽ മടക്കയാത്രയായിരുന്നു കൂടുതൽ മനോഹരം മറ്റു യാത്രകളേക്കാൾ ഈ യാത്ര ഇന്നും മനസ്സിൽ നിറഞ്ഞു നിൽക്കുന്നു....



ഗൗരി നന്ദ ടി ആർ

കവിത

# സ്വപ്നം

അവൾ എപ്പോഴും സ്വപ്നം കണ്ടു .
പകലും രാത്രിയും ഉറക്കത്തിലും ഉണർന്നും
എവിടെയായാലും എന്നും
അവൾ ഒരുപാട് സ്വപ്നം കണ്ടു.

കുട്ടിക്കാലത്തെ അവളുടെ സ്വപ്നക്കുമ്പാരം
സമ്പന്നമായിരുന്നു
വെറും കുട്ടിയായ അവൾക്ക് അത്രയും
വലിയ സ്വപ്നമുണ്ടായിക്കൂടെന്ന്
രക്ഷിതാക്കൾ താക്കീതുനൽകി

വളർന്നപ്പോൾ അവൾ ഒരു സ്വപ്നജീവിയായിമാറി
അംഗീകാരവും സ്നേഹവും
നിറച്ചസ്വപ്നങ്ങൾ
അഭിമാനവും വ്യക്തിത്വവും കൊണ്ട് കനത്തുവന്നു.

അത്തരം വലിയ സ്വപ്നംങ്ങൾ
കൈവശം വെക്കുന്നത്
ആപത്താണെന്ന് പലരും
അവളെ  ഉപദേശിച്ചു.
സ്വപ്നങ്ങളുടെ സമ്പന്നതയിൽ
എന്നിട്ടും അവൾ തൃപ്തയായില്ല
സ്വാതന്ത്ര്യം.......സ്വാശ്രയം......
ഔന്നത്യം......ജീവിതം.......
സ്വപ്നങ്ങളിൽ ആശയങ്ങൾ കുമിഞ്ഞു കൂടി.

# പ്രതീക്ഷ

ഇരുട്ടിൻെറ വെളിച്ചത്തിലൂടെ അയാൾ നടന്ന് നീങ്ങി,എങ്ങോട്ടെ-ന്നില്ലാതെ.രാവിൻെറ മറവിൽ അയാൾ ചെന്നെത്തിയത് ഒരു ഏററ്മാടത്തിലേക്കായിരുന്നു.വിക്ഷശിഖരത്തിൽ നിലയുറപ്പിച്ചി-ട്ടുള്ള അയാളുടെ ഉള്ളിൽ പ്രതീക്ഷയുടെ പൊൻവിത്ത് പാകിയ ആ ഏറുമാടത്തെ ലക്ഷ്യമാക്കി അയാൾ നടന്ന് നീങ്ങി.

നാട്ടുമാവിൻ തണലിൽ വാകമരച്ചുവട്ടിൽ................................അല്ല അത്ര കണ്ട് വർണനയ്ക്ക് ലക്ഷ്യമില്ലാത്ത,പച്ചപ്പിൻെറ അസ്ഥിപന്ജരം മാത്രം അവശേഷി-ക്കുന്ന ഒരു നഗരം.നാൾക്കുന്നാൾ ഉയർന്നുവരുന്ന കെട്ടിടങ്ങളിൽ താൻ അലയാത്തവനായി,കയറിയിറങ്ങാത്തതായ വളരെ ചുരു-ക്കം കെട്ടിടങ്ങളെയുള്ളൂ.ഓരോ കെട്ടിടങ്ങളിലെയും

മുതലാളിമാരെ

ഒരു കെട്ട് ഫയലുമായി താൻ സമീപിക്കുമ്പോഴും തനിക്ക് ഫയല്

ചുമക്കുന്ന പണി മതിയോ എന്ന് പരിഹാസിച്ചിട്ടെയുള്ളൂ.ഒരു എം.ബി.എ-ക്കാരന് ആ പണി മതിയോ എന്ന അപകർഷാ-

ബോധംക്കൊണ്ട് അതൊന്നും താൻ ഏറ്റെടുത്തില്ല.ആ ഉപേക്ഷ നല്ലൊരു ജോലിയിൽ നിയോഗിക്കപ്പെടാനായിരുന്നു എന്ന് പിന്നീട് മനസ്സിലായി.ഓഫീസ് അസിസ്റ്റായി ജോലി

തരമായ-പ്പോൾ മറ്റൊന്നും ആലോചിച്ചില്ല,ജോലിയുടെ ഗൗരവത്തെപ്പറ്റി-

യോ ശമ്പളത്തെപ്പറ്റിയോ ഒന്നും അങ്ങിനെ ജോലിയിൽ പ്രവേശിച്ചു.വളരെ ചുരുങ്ങിയ ജോലിയേ ഉണ്ടായിരുന്നുള്ളൂ.തൻറെ

കൈപ്പടിയിൽ ഒരു സാക്ഷ്യപത്രം തയ്യാറാക്കുക എഴുതി ഒപ്പ് വെച്ച് മേധാവിയെ ഏൽപ്പിക്കുക.മേധാവിയുടെ തിരുത്തലുകള്ക്കായി കാത്തിരിക്കുക അത്രമാത്രം.പക്ഷെ തിരുത്തലുകളായി എപ്പോഴും വന്ന് കൊണ്ടിരിക്കുന്നത്

തെറിവിളിയായിരിക്കും.എന്തൊക്കെ ചെയ്ത് കൊടുത്താലും എത്രയൊക്കെ മികവിൽ ഫയലുകൾ മേശപ്പുറത്ത് വെച്ചാലും തിരികെ വരുന്നത് കർശന നിർദേശങ്ങളും വിലക്കുകളും മാത്രം.

സഹികെട്ട ഒരു ദിവസം.................................................................

.........................................................................................................

.........................................................................................................

.........................................................................................................

എന്തേ ഇങ്ങനെ കുത്തുകളിട്ട് പോകുന്നത് ? കഥ മുഴുവനാക്കൂ.

എന്നെ മീനൂട്ടി വിളിച്ചുണർത്തി.കഥ ഇത്രേയേ ഉള്ളൂ.

കളിപ്പിക്കല്ലേ ഞാൻ നല്ല ആകാംക്ഷയിൽ എത്തിനിൽക്കുകയാണ്.ബാക്കി കൂടി എഴുതൂ.മീനൂ എന്താ നീ പറഞ്ഞത് ? ഒന്ന് കൂടി ആവർത്തിച്ചേ.ഞാൻ നല്ല

ആകാംക്ഷയിൽ എത്തി നിൽക്കുകയായിരുന്നു എന്ന്.കഥയ്ക്ക് നീ പ്രതീക്ഷയെന്നൊക്കെ പേര് നൽകിയപ്പോൾ ഞാൻ ഒരുപാട് പ്രതീക്ഷിച്ച് പോയി.നിനക്കുള്ള മറുപടി ഞാൻ പറഞ്ഞ് കഴിഞ്ഞു.

എങ്കിലും ഞാൻ വ്യക്തമാക്കി തരാം ചിരിച്ച്കൊണ്ട് ഞാൻ പറഞ്ഞു കഥ ഞാൻ പറഞ്ഞ് അതിൻെറ പാരമ്യത്തിലെത്തി.

ഇനി കഥ എങ്ങനെ മുന്നോട്ട് പോകുമെന്ന് നിനക്കൊരു പ്രതീക്ഷയുണ്ട്.അതു പോലെ ഇതിൻെറ്റ ഓരോ അനുവാചനും ഓരോ പ്രതീക്ഷയുണ്ട്.

# നവകേരളം

ജാതിമതഭേതമന്യേ വർഗ്ഗീയതയെ തുലച്ചുകൊണ്ടുയരുന്ന ഒരു നവ കേരളമാണ് ഞങ്ങൾ പുതുതലമുറയുടെ ലക്ഷ്യം.ശ്രീ നാരായണഗുരുവും അയ്യങ്കാളിയും , മറ്റും മഹത് വ്യക്തികളും തുടച്ച് മാറ്റിയ എന്ന കറ ഇന്നും പലയിടങ്ങളിൽ വിളയാടിക്കൊണ്ടിരിക്കുകയാണ്.മനുഷ്യജീവിതത്തെ കാർന്ന്കൊണ്ടിരിക്കുന്ന ജാതിയെന്ന വിഭത്ത് കൊലക്കയറുകളാണെന്ന് മനസ്സിലായിട്ടും മനസ്സിലാക്കാതെ നടിക്കുന്ന മനുഷ്യരെ , നിങ്ങൾ ഓർക്കുക ആ കൊലക്കയറിൽ മുറുകിയാടുന്ന ഒരുപാട് മനുഷ്യരുടെ അന്ത്യമാണ് നിങ്ങൾ കുറിച്ചുകൊണ്ടിരിക്കുന്നത്.വിദ്യയെന്ന മഹാസാഗരത്തെ



നെഞ്ചോട്ചേർക്കാൻ ഓടിയെത്തുന്ന കുരുന്ന് മനസ്സുകളിൽ പോലും ജാതിയെന്ന വിഭത്തിനെ ഉണർത്തും വിദം വിദ്യാലയങ്ങളിലെ ജാതിപ്പട്ടി കനീണ്ടുനിവർന്നുകിടക്കുന്നു.അവിടെവെച്ച് നടുന്ന ആ വിപത്തിൻെറ വിത്ത് വളർന്ന് പന്തലിച്ച് വലിയ രണ്ടാളായ സമൂഹത്തിൽ താണ്ടവമാടുന്നു.അത്തരം കൊടംക്രൂരതകളിൽ ജീവിതം ഉഴിഞ്ഞ് വെക്കേണ്ടിവന്ന അനേകർ ജാതി എന്താണെന്ന് ചോദിച്ചാൽ,അത് പറമ്പിൽ വളരുന്ന

മരമല്ലേ എന്ന് പറയാൻ ചങ്കുറപ്പുള്ള ഒരു തലമുറ ഉയർന്നുവരണം.ഇതിനായി,ഞങ്ങളുടെ ഈ സ്വപ്നം സാക്ഷാത്കരിക്കാനായി ഞങ്ങൾ വിദ്യാർത്തികളോടൊപ്പം സർക്കാരും ഉണർന്ന്പ്രവര്ത്തിക്കണം.
ദളിദ് വിഭാഗക്കാർ ഇന്നനുഭവിക്കുന്ന ചൂഷണങ്ങളെ ചെറുത്ത് നിൽക്കാൻ അവരെ സർക്കാർ പിന്തുണക്കണം.കഴിയുമെങ്കിൽ ജാതിപ്പട്ടികയെ വിദ്യാലയ രേഖകളിൽ നിന്ന് എടുത്ത് മാറ്റണം.അതിനു പകരമായി താഴ്ന്ന വിഭാഗത്തിൻെറ ചുറ്റ്പാടുകൾ പ്രവർത്തിക്കാൻതക്ക ഹ്രദയവിശാളതയുള്ള സുമനസ്സുകളുടെ ഒരു കൂട്ടായ്മയ്ക്ക് രൂപം നൽകാൻ ശ്രമിക്കണം.

**"വർഗ്ഗീയത തുലയട്ടെ**

**ഉയരട്ടെ ഒരു നവകേരളം"**

## കവിത

# സ്വപ്നചിറകുകൾ

എന്തുമാത്രം  ദുഃഖം ഈ സ്വപ്നതാഴ്വര!
ഇന്നലെ എൻ സ്വപ്നകൂട്ടിൽ
കൊത്തിവിരിഞ്ഞു എൻ കിളിക്കുഞ്ഞിൻമുട്ടകൾ
ഇന്നതുകൊത്തിവിരിഞ്ഞുവലിയൊരാലിൻ ശാഖമാത്രമായ്.

സ്വപ്നം കണ്ടുഞാനേറെ വിദൂരമാം സ്വപ്നചിറകിൽ
ഉദിച്ചു പൊങ്ങി വീടും കാറ്റും പ്രകൃതിതൻ സൗന്ദര്യവും
എന്നാൽ ഇന്ന് ഞാനറിയുന്ന സ്വപ്നം വെറും മിഥ്യ മാത്രം എൻ സ്വപ്നകൂട്ടിൽ വിരിഞ്ഞ മനോഹരദൃശ്യങ്ങൾക്ക്
ഇന്ന് കറുത്തഛായക്കൂട്ടുകൾക്ക് മാത്രമാണ് ചങ്ങാതി.

ഇന്ന് എന്റെ സ്വപ്നത്തിന്റെ പണച്ചെപ്പ്
എവിടെയൊ കാണാതായിരുന്നു.
ഇന്നും ഞാൻ ഞെട്ടിയുണർന്നും എൻ സ്വപ്നകൂട്ടിൽ
വീണ്ടും ഇതേ സ്വപ്നം മാത്രമായ്
സ്വപ്നമേ നീ എന്നെ വീണ്ടും ചതിച്ചുവോ?

കവിത

# അക്ഷരത്താളുകൾ


അക്ഷരത്താളുകൾക്ക് കുലമറിയില്ല
കുലമഹിമയൊട്ടും പറയില്ല
എന്തെന്നാൽ അത്,
അക്ഷരമല്ലയോ.

അമ്മയെന്ന രണ്ടക്ഷരത്തിൻ
നന്മയത് വാനോളം
വെള്ളി വെളിച്ചമായെത്തുന്ന
ഗുരുവിൻ വാക്കുകളത്
മാധുര്യമല്ലയോ,അത്;
ജീവിതമല്ലോ പ്രിയരേ.

നന്മയാകുന്ന വഴിത്താരയിൽ
ദീപമായ് ജ്വാലയായ്
പ്രശോഭിക്കുന്ന അക്ഷരങ്ങളെ
നിനക്കു വന്ദനം.

# ചിത്രകലാവൈഭവം




Hornbill
Submited by
Vaishnavy V.P.N
V C


SREYA JOSH
V C

# സംസ്ഥാനതല കലോത്സവത്തിൽ

# പങ്കെടുത്തവർ





# മാഗസിന് പിന്നിൽ പ്രവർത്തിച്ചവർ

ആഫ്ത്താബ് കെ.ഐ

അൻവിൻ കെ.എ

ക്രിസ്റ്റഫർ സൂര്യ ജോസ്

ടോം ആൻറ്റണി

രോഷിത്ത്

അരുൺ വിജോ തരകൻ

അപർണാ ഷാജി

നേഹ മരിയ

ആൻലിയ ആൻറ്റണി

സ്വാതി എസ്

അഖിൽ.സി.ജെ(കവർ പേജ്)